അദ്ധ്യാപികകൾ.

൪൭൮. [൨൯] ശ്രീ ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂരിൽ എൻതുരുത്ത് പ്രൈമറിസ്കൂളിൽനിന്നും കമ്മ്യൂണിസ്റ്റ്പാർട്ടി പ്രവർത്തനങ്ങളിൽ പങ്കെടുത്തുവെന്ന കാരണം ചൂണ്ടി രണ്ട് അദ്ധ്യാപികകളെ പിരിച്ചുവിടുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവർ ആ പിരിച്ചുവിടലിന്റെ നിയമസാധുതയെ ചോദ്യംചെയ്തുകൊണ്ട് ഹൈക്കോടതിയിൽ റിട്ട് ബോധിപ്പിക്കുകയുണ്ടായിട്ടുണ്ടോ ;

(സി) ആ റിട്ടിന്മേൽ ഹൈക്കോടതിയുടെ വിധി എന്തായിരുന്നു ?

ഉത്തരം.

(എ) വിദ്വേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടതുകൊണ്ട് രണ്ട് അദ്ധ്യാപികമാരെ പിരിച്ചുവിടുകയുണ്ടായി.

(ബി) ഉണ്ട്.

(സി) ഹർജി തള്ളി.

പമ്പിംഗ് സബ്സിഡി.

൪൭൯. [൨൨] ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ താലൂക്കിലെ കോൾകൃഷിക്ക പമ്പിംഗ് സബ്സിഡി നൽകിത്തുടങ്ങിയോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) എന്നു മുതൽ കൊടുക്കുമെന്ന കൃത്യമായി പറയാമോ ?

ഉത്തരം.

(എ) ഇല്ല.

(ബി) സബ്സിഡിനൽകേണ്ട ആവശ്യമുണ്ടെന്ന് ഗവണ്മെൻറിനു ബോദ്ധ്യപ്പെടാത്തതുകൊണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

വിദ്യുച്ഛക്തി ഉൽപാദനം.

൪൮൦. [൫] ശ്രീ. കെ. സദാനന്ദൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴകുറയുമ്പോഴും വേനൽക്കാലത്തും അണക്കെട്ടുകളിൽ വെള്ളമില്ലാതെ വിദ്യുച്ഛക്തി ഉൽപാദനം കുറയുന്നതുകൊണ്ട് വ്യവസായശാലകൾ കൂടക്കൂടെ അടച്ചിടുന്നുണ്ടെന്ന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly